**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1248** **01-02-2024 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴി താഴത്ത് വയൽ മുതൽ ചെമ്പ്ര വരെയുള്ള മലയോര ഹൈവേയുടെ റീച്ച് ടെൻഡർ ചെയ്തെങ്കിലും ടെൻഡർ നടപടിക്ക് അംഗീകാരം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ ടെൻഡർ അംഗീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) | മലയോര ഹൈവേയിൽ ഉൾപ്പെട്ട തൊട്ടിൽപാലം – തലയാട് റോഡ് - പെരുവണ്ണാമൂഴി മുതൽ 28-ാം മൈൽ ജംഗ്ഷൻ (Ch 41/500 മുതൽ Ch. 57/150) വരെയുള്ള 15.65 കി.മീ പ്രവർത്തിക്ക് 20/03/2022 തീയതിയിൽ 71.93 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്.<br><br>കായണ്ണ, ചക്കിട്ടപ്പാറ, കൂരാച്ചുണ്ട് എന്നീ പഞ്ചായത്തുകളിലൂടെയാണ് പ്രസ്തുത റോഡ് കടന്നുപോകുന്നത്. കായണ്ണ, ചക്കിട്ടപ്പാറ എന്നീ പഞ്ചായത്തുകളിൽ 5.5 കി.മീ ദൂരം മാത്രം (Ch.41/500 to 47/000) പ്രവൃത്തി ചെയ്യാൻ സ്ഥലം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുതഭാഗത്തിന് 6/5/2023 തീയതിയിൽ 31.46 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 10/5/2023 ൽ ടെൻഡർ ചെയ്യുകയും 05/7/2023 തീയതിയിൽ റീടെൻഡർ ചെയ്യുകയും ചെയ്തു. ടെൻഡറിന് 25/08/2023 തീയതിയിൽ കൂടിയ 46-ാം ടെൻഡർ അപ്രൂവൽ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട് പ്രസ്തുത പ്രവർത്തിയുടെ സാങ്കേതികാനുമതിക്ക് അംഗീകാരം ലഭ്യമാക്കുന്നതിനായി കിഫ്ബിയ്ക്ക് സമർപ്പിച്ച എങ്കിലും സാമ്പത്തികാനുമതി ലഭ്യമായ 15.65 കി.മീ റോഡ് പ്രവർത്തി ഒരുമിച്ച ടെൻഡർ ചെയ്യാൻ നിർദേശിച്ച കൊണ്ട് മടക്കി നൽകുകയുണ്ടായി. എന്നാൽ കൂരാച്ചുണ്ട് ടൗണിലും കൂരാച്ചുണ്ട് പഞ്ചായത്തിലും ആദ്യം തന്നെ മതിയായ സ്ഥല ലഭ്യത ഉറപ്പ വരുത്തുവാൻ കഴിയാത്ത തിനാലാണ് സ്ഥല ലഭ്യത ഉറപ്പാക്കിയ ഭാഗം ഭാഗികമായി ടെൻഡർ ചെയ്തത് എന്ന് കിഫ്ബിയെ അറിയിച്ചതിനെ തുടർന്ന് ടെൻഡർ ചെയ്ത 5.5 കി.മീ റോഡിന്റെ സാങ്കേതികാനുമതി 24.01.2024 ന് കിഫ്ബി നൽകിയിട്ടുണ്ട്. തുടർന്ന് Work Break down Schedule (WBS), Project Execution Document (PED) എന്നിവ കിഫ്ബിയിൽ സമർപ്പിച്ച് |

| | | | |
|---|---|---|---|
| | | | ടെൻഡറിന് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ